പണിയുന്നതിന് 35 ലക്ഷം രൂപയും പാലം പണിയുന്നതിന് 4 കോടി രൂപയും ആവശ്യമാണ്. ഭീമമായ ഇത്രയും തുക കണ്ടെത്തുക പ്രായോഗികമല്ലാത്തതിനാൽ പ്രസ്തുത പണി ഇപ്പോൾ ഏറ്റെടുത്ത് നടത്താൻ കഴിയില്ല.

സംസ്ഥാനത്തുള്ള പ്രധാന ജലപാതകൾ

82 [1768] ശ്രീ. ഇ. എം. അഗസ്തി:
" എൻ. ശക്തൻ:
" എൻ. ഡി. അപ്പച്ചൻ:
" കെ. സി. വേണുഗോപാൽ:
" കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുള്ള പ്രധാന ജലപാതകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ ഏതെല്ലാം നദികൾ ഗതാഗതത്തിനായി ഉപയോഗിക്കുന്നുണ്ട്;

(സി) മറ്റു നദികളേയും ഗതാഗതത്തിനുപയോഗിക്കുവാൻ എന്തെങ്കിലും പദ്ധതിയുണ്ടോ;

(ഡി) ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) സംസ്ഥാനത്തുള്ള പ്രധാന ജലപാതകൾ താഴെ പറയുന്നവയാണ്.

1. വെസ്റ്റ് കോസ്റ്റ് കനാലിന്റെ കോവളം മുതൽ കോട്ടപ്പുറം വരെയും, കോട്ടപ്പുറം മുതൽ ഹോസ്ദുർഗ്ഗ് വരെയും ഉള്ള ജലപാതകൾ. ഇതിന്റെ ഉപശാഖകൾ ആലപ്പുഴ-കോട്ടയം, വൈക്കം-കോട്ടയം, ചങ്ങനാശ്ശേരി-ആലപ്പുഴ ജലപാതകൾ.
2. ഉദ്യോഗമണ്ഡൽ-ചമ്പക്കര കനാൽ
3. തിരൂർ-കൂട്ടായി കനാൽ, പൊന്നാനി-കൊച്ചി കനാൽ, കനോലി കനാൽ

LIBRARY ARCHIVES Kerala Legislative Assembly

4. കുറ്റ്യാടി പുഴയിലെ മുഴിക്കൽ മുതൽ (വടകര-മാഹി കനാലിന്റെ തുടക്കം) കടലുണ്ടിപുഴ വരെ (ഇ. കെ. കനാൽ ഉൾപ്പെടെ).

5. കോട്ടപ്പുറം (നീലേശ്വരം) മുതൽ കൊറ്റി-വളപട്ടണം-പറശ്ശിനിക്കടവ് ജലപാത.

(ബി) കരമന, വാമനപുരം, കല്ലട, ഇത്തിക്കര, പെരിയാർ, മൂവാറ്റുപുഴയാർ, കുറ്റിയാടിപ്പുഴ, ചാലിയാർ, മാഹി, ഇരുവഞ്ഞിപ്പുഴ, പമ്പ, അച്ചൻകോവിൽ, മീനച്ചൽ, മണിമല, കാര്യങ്കോട്, നീലേശ്വരം, രാമപുരം, പെരുമ്പ, കുപ്പം, വളപട്ടണം എന്നീ നദികളാണ് ഗതാഗതത്തിനായി ഉപയോഗിക്കുന്നത്.

(സി ആന്റ് ഡി) ഉണ്ട്. അങ്കമാലി-മാഞ്ഞാലി, എറണാകുളം-നെടുമ്പാശേരി, കടംപ്രയാർ, മൂരാട്, മാഹി, എരഞ്ഞോളി, ധർമ്മടം, അഞ്ചരക്കണ്ടി എന്നീ നദികൾ ജലഗതഗതത്തിനുപയോഗിക്കുവാൻ വേണ്ടി പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. വടകര-മാഹി കനാൽ നിർമ്മിക്കുന്നതിന് കേന്ദ്ര സഹായത്തിനായി ഒരു പദ്ധതി സമർപ്പിച്ചിട്ടുണ്ട്. ഇതിനു പുറമേ കേന്ദ്ര സ്കീമിൽ ഉൾപ്പെടുത്തുവാൻ അനുയോജ്യമായ മറ്റു പ്രോജക്ട് റിപ്പോർട്ടുകളും തയ്യാറാക്കി വരുന്നു.

ഇൻലാന്റ് നാവിഗേഷൻ വികസിപ്പിക്കാനുദ്ദേശിക്കുന്ന തോടുകൾ

83 [1769] ശ്രീമതി രാധാ രാഘവൻ:
ശ്രീ. കെ. മുഹമ്മദാലി:
" സി. പി. മുഹമ്മദ്:
" ടി. യു. രാധാകൃഷ്ണൻ:
" എം. എ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻലാൻഡ് നാവിഗേഷൻ വികസനത്തിനുവേണ്ടി ഏതെല്ലാം തോടുകളാണ് വികസിപ്പിക്കുവാൻ ഉദ്ദേശിക്കുന്നത്;

(ബി) അതിനുവേണ്ടി ലോകബാങ്കിൽ നിന്നും എന്തെല്ലാം സഹായം ലഭ്യമാകും;

(സി) ഈ പദ്ധതി ലോക ബാങ്ക് അംഗീകരിച്ചുവോ;

(ഡി) എന്തെല്ലാം വ്യവസ്ഥകളിൻമേലാണ് ലോകബാങ്ക് സഹായം നൽകുന്നതെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly